പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 26

# 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബിൽ

(ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ. നോട്ടീസ് നൽകിയത്)

931/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 26

# 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ബിൽ

(ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് ഉപജീവനത്തിനുവേണ്ടി പാചകത്തൊഴിലിൽ ഏർപ്പെടുന്നവർക്കും ആശ്രിതർക്കും ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പെൻഷൻ, കുടുംബ പെൻഷൻ എന്നിവ ഉറപ്പുവരുത്തുവാൻ "കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്നൊരു പദ്ധതി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ഉപജീവനത്തിനുവേണ്ടി പാചകത്തൊഴിലിൽ ഏർപ്പെടുന്നവർക്കും അവരുടെ ആശ്രിതർക്കും ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, പെൻഷൻ, കുടുംബ പെൻഷൻ എന്നിവ ഉറപ്പുവരുത്താൻ "കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതു യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ 67-ാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരമുള്ള നിയമ വ്യവസ്ഥകൾ രൂപീകരിക്കുന്നു:

## അദ്ധ്യായം 1

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി രൂപീകരണ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ പദ്ധതിയിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''ബോർഡ്'' എന്നാൽ 1975-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് ആക്റ്റിലെ വകുപ്പ് (5) പ്രകാരം രൂപീകൃതമായ ''കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്'' എന്നർത്ഥമാകുന്നു;

(ബി) ''ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ'' എന്നാൽ 1975-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് ആക്റ്റിലെ വകുപ്പ് (22) പ്രകാരം നിയമിക്കപ്പെടുന്ന ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ എന്നർത്ഥമാകുന്നു;

(സി) ''അംശദായം'' എന്നാൽ പദ്ധതിയിലെ 7-ാം ഖണ്ഡിക പ്രകാരം ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട തുക എന്നർത്ഥമാകുന്നു;

(ഡി) ''കേറ്ററിംഗ് സ്ഥാപനം'' എന്നാൽ പ്രതിഫലം സ്വീകരിച്ച് വിവാഹം, സമ്മേളനങ്ങൾ, ഉത്സവങ്ങൾ, ചടങ്ങുകൾ, വിവിധതരം ഒത്തുകൂടലുകൾ (get together parties) എന്നർത്ഥമാകുന്നു; ഇവ നടക്കുമ്പോൾ അതിൽ പങ്കെടുക്കുന്നവർക്കായി സദ്യയോ മറ്റ് വിധത്തിലുള്ള ആഹാരപദാർത്ഥങ്ങളോ ഒരുക്കി നൽകുന്ന സ്ഥാപനം എന്നർത്ഥമാകുന്നു;

(ഇ) ''പാചക തൊഴിലാളി'' എന്നാൽ ഉപജീവനത്തിനായി പാചക ജോലികളിൽ ഏർപ്പെട്ടിരിക്കുന്നയാൾ എന്നർത്ഥമാകുന്നു; ഒരു കേറ്ററിംഗ് ഇതര സ്ഥാപനത്തിലോ, ഒരു കുടുംബത്തിനുവേണ്ടിയോ പാചകജോലി ചെയ്യുന്നവരും ഇതിൽ ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) ''നിധി'' എന്നാൽ ഈ പദ്ധതി പ്രകാരം രൂപീകരിക്കപ്പെട്ട ''കേരള പാചക തൊഴിലാളി ക്ഷേമനിധി'' എന്നർത്ഥമാകുന്നു;

(ജി) ''അംഗം'' എന്നാൽ ഈ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു;

(എച്ച്) ''കുടുംബം'' എന്നാൽ ഒരംഗത്തെ സംബന്ധിച്ചിടത്തോളം അയാളുടെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, പ്രായപൂർത്തിയാകാത്ത കുട്ടികൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരും അംഗത്തെ ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾ എന്നർത്ഥമാകുന്നു; കുട്ടികൾ എന്നതിൽ ദത്തെടുത്ത കുട്ടികളും ഉൾപ്പെടുന്നതാകുന്നു;

(ഐ) ''പദ്ധതി''എന്നാൽ കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു;

(ജെ) ''വർഷം'' എന്നാൽ സാമ്പത്തിക കാര്യങ്ങൾക്ക് സാമ്പത്തിക വർഷവും അംഗത്വ കാലാവധിക്ക് കലണ്ടർ വർഷവും എന്നർത്ഥമാകുന്നു;

(കെ) ''തൊഴിലുടമ''എന്നാൽ കേറ്ററിംഗ് സ്ഥാപനങ്ങളുടെ കാര്യത്തിൽ നേരിട്ടോ മറ്റൊരാൾ മുഖേനയോ പാചക തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതും വേതനം നേരിട്ട് നൽകുന്നതുമായ ആൾ ആകുന്നതും അതിൽ ഏതെങ്കിലും തൊഴിൽ ഉടമയ്ക്കുവേണ്ടി പാചക തൊഴിലാളികളുടെ സേവനം ലഭ്യമാക്കി വേതനം നേരിട്ട് നൽകുന്ന കരാറുകാരന്റെ കാര്യത്തിൽ അത്തരം കരാറുകാരനും ആകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ യഥാവിധി സ്കൂൾ മാനേജർ, പി.റ്റി.എ. പ്രസിഡന്റ്, ഹെഡ്മാസ്റ്റർ എന്നിവരും തൊഴിലുടമയുടെ നിർവ്വചനത്തിൽപ്പെടും.

3. ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലും വാക്കുകളുടേയോ പ്രയോഗങ്ങളുടേയോ അർത്ഥത്തേയോ വ്യാഖ്യാനത്തേയോ സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം ആയത് സർക്കാരിന്റെയോ, സർക്കാർ അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥന്റെയോ തീർപ്പിന് വിടേണ്ടതും അതിലുണ്ടാകുന്ന തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അദ്ധ്യായം 2

4. ഫണ്ടിന്റെ ഭരണ നിർവ്വഹണം.—കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ നിധി വിനിയോഗ ഭരണ ചുമതല 1975-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് ആക്റ്റിലെ വകുപ്പ് (5) പ്രകാരം രൂപീകൃതമായ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ നിക്ഷിപ്തമായിരിക്കും.

5. ഭരണ സമിതി.—പദ്ധതിയുടെ ഭരണ സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും:

(എ) തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന അംഗീകൃത തൊഴിലാളി സംഘടനകൾ നാമനിർദ്ദേശം ചെയ്യുന്നവരിൽ നിന്നും സർക്കാർ നിശ്ചയിക്കുന്ന രണ്ടുപേർ.

(ബി) കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ ചെയർമാനും, വെൽഫെയർ ഫണ്ട് കമ്മീഷണറും.

(സി) ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ കേരള സർക്കാരിന്റെ തൊഴിൽ/ധനവകുപ്പുകളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ.

(ഡി) ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ ചെയർമാനും, വെൽഫെയർ ഫണ്ട് കമ്മീഷണറും 'കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി'യുടെ ഭരണ സമിതിയുടെ ചെയർമാനും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കും.

(ഇ) സമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും.

6. ജീവനക്കാരുടെ നിയമനം.—(എ) 1975-ലെ കേരള ലേബർ വെൽഫെയർ ഫണ്ട് ആക്റ്റ് പ്രകാരം നിയമിതരാകുന്ന വെൽഫെയർ ഫണ്ട് കമ്മീഷണറും അനുബന്ധ ജീവനക്കാരും 'കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി'യുടേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ജീവനക്കാരുമായിരിക്കും.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഇടപാടുകളുടെ വർദ്ധന കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെങ്കിൽ അതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

7. ഫണ്ടിലേക്കുള്ള അംശദായം.—(എ) പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന പാചക തൊഴിലാളി ഫണ്ടിലേക്ക് പ്രതിമാസം അടയ്ക്കേണ്ട അംശദായം 50 രൂപ ആയിരിക്കും.

(ബി) പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന പാചക തൊഴിലാളി തന്നെ അംശദായം നിധിയിൽ ഒടുക്കേണ്ടതാണ്.

(സി) ഗവൺമെന്റ് ഈ പദ്ധതിക്ക് കാലാകാലങ്ങളിൽ ഗ്രാന്റ് അനുവദിക്കുന്നതാണ്.

(ഡി) ഒരു വർഷത്തെ അംശദായം ഭരണ സമിതി നിർദ്ദേശിക്കുന്ന വിധം നിധിയിൽ ഒടുക്കേണ്ടതാണ്.

(ഇ) ഒരംഗം നിധിയിലേക്ക് അംശദായം അടയ്ക്കുന്നത് തുടർച്ചയായി രണ്ടു വർഷക്കാലം വീഴ്ച വരുത്തിയാൽ അംഗത്വം സ്വമേധയാ നഷ്ടപ്പെടുന്നതാണ്. ഇപ്രകാരം അംഗത്വം നഷ്ടപ്പെടുന്ന അംഗത്തിന് അയാളുടെ അപേക്ഷ പ്രകാരം, ഭരണ സമിതി നിശ്ചയിക്കുന്ന പിഴ പലിശയും, കുടിശ്ശികയായ അംശദായവും ഈടാക്കിക്കൊണ്ട് അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം 3

## അംഗങ്ങൾക്കുള്ള ധനസഹായവും പെൻഷനും

8. പെൻഷൻ.—കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, അറുപത് വയസ്സ് തികയുന്ന മുറയ്ക്കോ സ്ഥിരമായി ശാരീരിക അവശതമൂലമോ അംഗവൈകല്യംമൂലമോ ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ, പെൻഷൻ അർഹത ഉണ്ടായിരിക്കുന്നതാണ്. പെൻഷൻ തുക ഭരണസമിതി തീരുമാനിച്ച് സർക്കാർ അംഗീകാരത്തിന് വിധേയമായി നടപ്പാക്കേണ്ടതാണ്. അവശതമൂലം പെൻഷൻ നൽകുന്നതിന് വേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണസമിതി നിശ്ചയിച്ച് സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

9. കുടുംബ പെൻഷൻ.—കുറഞ്ഞത് അഞ്ച് വർഷം അംശദായം അടച്ച ഒരംഗമോ, ഈ പദ്ധതി പ്രകാരം പെൻഷന് അർഹമായ അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക അംഗത്തിന് അർഹമായ പെൻഷന്റെ അമ്പത് ശതമാനം വരുന്ന തുക ആയിരിക്കേണ്ടതാണ്.

10. പ്രസവാനുകൂല്യം.—അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാകുന്ന വനിതാ അംഗത്തിന്, പ്രസവ ധനസഹായമായി പതിനായിരം രൂപ നിധിയിൽനിന്നും ലഭിക്കുന്നതാണ്.

11. വിവാഹാനുകൂല്യം.—കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി പതിനായിരം രൂപ നിധിയിൽ നിന്നും ലഭിക്കുന്നതാണ്.

12. ചികിത്സാ സഹായം.—ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംഗത്വകാലാവധി 6 മാസമെങ്കിലും പൂർത്തിയാകുമ്പോൾ അംഗത്തിനും കുടുംബാംഗങ്ങൾക്കും ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ചികിത്സാ സഹായം കിട്ടുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. ചികിത്സാ സഹായമായി നൽകേണ്ട തുകയും ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനുവേണ്ട മറ്റ് മാനദണ്ഡങ്ങളും ഭരണസമിതി നിശ്ചയിച്ച് സർക്കാരിൽനിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

13. വിദ്യാഭ്യാസാനുകൂല്യം.—ഒരു വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് നിധിയിൽനിന്നും ഭരണ സമിതി സർക്കാർ അംഗീകാരത്തോടെ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്. എസ്.എസ്.എൽ.സി. മുതലുള്ള ഉന്നത പഠനത്തിനാണ് ഈ ആനുകൂല്യം ലഭ്യമാക്കേണ്ടത്.

14. അംഗത്തിന്റെ കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്.—കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച ഒരംഗമോ, അംഗത്തിന്റെ കുടുംബാംഗമോ മരണപ്പെട്ടാൽ മരണാനന്തര ചെലവുകൾക്കായി രണ്ടായിരം രൂപ നിധിയിൽ നിന്നും അംഗത്തിനോ/ആശ്രിതനോ ലഭിക്കുന്നതാണ്.

15. മരണാനന്തര സഹായം.—അംഗത്വമെടുത്ത് ഒരു വർഷം കഴിയുന്ന ഒരംഗം അസുഖംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ താഴെ പറയും പ്രകാരം മരണാനന്തര സഹായം ലഭിക്കുന്നതാണ്:

(1) 1 വർഷത്തിനും 5 വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് പതിനായിരം രൂപ

(2) 5 വർഷത്തിനും 10 വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് പതിനയ്യായിരം രൂപ

(3) 10 വർഷത്തിനും 15 വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് ഇരുപത്തയ്യായിരം രൂപ

(4) 15 വർഷത്തിനും 20 വർഷത്തിനും ഇടയിൽ നിധിയിൽ അംഗത്വം ഉള്ളവർക്ക് മുപ്പത്തയ്യായിരം രൂപ

(5) 20 വർഷത്തിനുമുകളിൽ അമ്പതിനായിരം രൂപ

## അദ്ധ്യായം 4

16. പദ്ധതി അംഗത്വം ലഭിക്കുന്നതിനുള്ള യോഗ്യതകൾ.—18 വയസ്സിനും 58 വയസ്സിനും ഇടയിൽ പ്രായമുള്ള പദ്ധതിയിലെ ഖണ്ഡിക 2 (ഇ)യിൽ നിർവ്വചിച്ചിട്ടുള്ള ''പാചക തൊഴിലാളി''ക്ക് പദ്ധതിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കും.

17. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ.—(എ) ഈ പദ്ധതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നതും അർഹതയുള്ളതുമായ പാചക തൊഴിലാളി അവർ ജോലി ചെയ്യുന്ന ജില്ലയിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കേണ്ടതാണ്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം ഭരണ സമിതി തയ്യാറാക്കി നൽകേണ്ടതാണ്.

(ബി) അപേക്ഷയോടൊപ്പം വയസ്സ് തെളിയിക്കുന്നതിനുള്ള അടിസ്ഥാന രേഖയായി സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പോ ജനന മരണ രജിസ്ട്രാറിൽ നിന്നുള്ള സർട്ടിഫിക്കറ്റോ ഇലക്ഷൻ തിരിച്ചറിയിൽ കാർഡിന്റെ ശരിപ്പകർപ്പോ അസിസ്റ്റന്റ് സർജനിൽ കുറയാത്ത സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്.

18. തിരിച്ചറിയൽ കാർഡ്.—അംഗത്വം ലഭിച്ച തൊഴിലാളിക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ നൽകേണ്ടതാണ്. ഇപ്രകാരം നൽകേണ്ടതായ തിരിച്ചറിയൽ കാർഡ് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ഭരണ സമിതി തയ്യാറാക്കേണ്ടതാണ്.

19. അംഗത്വം റദ്ദാക്കൽ.—(എ) തെറ്റായ വിവരങ്ങൾ നൽകി ആരെങ്കിലും അംഗത്വം നേടിയിട്ടുള്ളതായി നിരാക്ഷേപമായ തെളിവിന്റെ അടിസ്ഥാനത്തിൽ ഏത് സമയത്തും അപ്രകാരമുള്ള അംഗത്വം റദ്ദാക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനോ അധികാരം ഉണ്ടായിരിക്കും. എന്നാൽ ബന്ധപ്പെട്ട വ്യക്തിക്ക് തന്റെ ഭാഗം വിശദീകരിക്കുവാൻ ന്യായമായ അവസരം നൽകിയശേഷം മാത്രമായിരിക്കണം അംഗത്വം റദ്ദ് ചെയ്യൽ.

(ബി) ഇപ്രകാരം അംഗത്വം റദ്ദ് ചെയ്യപ്പെടുമ്പോൾ തൊഴിലാളി വിഹിതമായി അടയ്ക്കുന്ന തുക മടക്കി നൽകേണ്ടതും അപ്രകാരം നൽകുന്ന തുകയുടെ അഞ്ചു ശതമാനം സർവ്വീസ് ചാർജ്ജായി ഭരണസമിതിക്ക് ഈടാക്കാവുന്നതുമാണ്.

20. അംശദായം മുടക്കം വരുത്തുന്നത് സംബന്ധിച്ച്.—നിധിയിലേക്ക് അടയ്ക്കേണ്ട അംശദായം മുടക്കം വരുത്തിയാൽ ഭരണസമിതി നിശ്ചയിക്കുന്ന പിഴപ്പലിശ കൂടി അടയ്ക്കുവാൻ അംഗം ബാദ്ധ്യസ്ഥനാണ്. എന്നാൽ മുടക്കം വരുത്തുന്ന കാലം പാചക തൊഴിലാളിക്ക് തൊഴിലെടുക്കാനായിട്ടില്ലെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ബോദ്ധ്യമാവുന്നപക്ഷം അക്കാര്യം രേഖപ്പെടുത്തി പിഴപ്പലിശ ഒഴിവാക്കാവുന്നതാണ്.

## അദ്ധ്യായം 5

21. നിധിയുടെ ഭരണവും കണക്കും ആഡിറ്റും.—(എ) നിധിയിലേക്ക് അംശദായമായി ലഭിക്കുന്ന തുകയും സർക്കാർ വിഹിതമായി ലഭിക്കുന്ന തുകയും ഫണ്ട് അക്കൗണ്ട് എന്ന പേരിൽ നിക്ഷേപിക്കേണ്ടതാണ്.

(ബി) ഒരു വർഷത്തെ മൊത്തം പിരിഞ്ഞ അംശദായത്തിന്റെയോ പിരിയുമെന്ന് പ്രതീക്ഷിക്കുന്ന അംശദായത്തിന്റെയോ 10 ശതമാനത്തിൽ കവിയാത്ത തുക ഭരണ ചെലവിനത്തിൽ മാറ്റി വയ്ക്കുകയും ഭരണ ചെലവിനത്തിൽ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന് യഥാർത്ഥത്തിൽ ചെലവ് വന്നിട്ടുള്ള തുകയെ അടിസ്ഥാനപ്പെടുത്തി നൽകേണ്ടതുമാണ്.

(സി) നിധിയുടെ ഭരണത്തിനാവശ്യമായ ചെലവുകൾ, ബോർഡ് ഡയറക്ടർമാരുടെ യാത്രപ്പടി, ഉദ്യോഗസ്ഥൻമാരുടെ യാത്രപ്പടി, മറ്റ് അലവൻസുകളും ആനുകൂല്യ

ങ്ങളും, ബോർഡിനുവേണ്ടിയുള്ള നിയമപരമായ ആവശ്യത്തിനുവേണ്ടിയുള്ള ചെലവുകൾ, കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനുള്ള ചെലവുകൾ എന്നിവ നിധിയുടെ ഭരണ ചെലവിനത്തിൽ നിന്ന് വഹിക്കേണ്ടതാണ്. ഭരണ ചെലവ് നേരിടുന്നതിനായി ഒരു പ്രത്യേക അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

(ഡി) പദ്ധതിയിൽ വിഭാവനം ചെയ്തിട്ടില്ലാത്ത യാതൊരു പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ നിധിയിൽനിന്നും തുക ചെലവാക്കുവാൻ പാടില്ലാത്തതാണ്.

(ഇ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഓഫീസറോ നിധിയുടെ നടത്തിപ്പുകാരനായിരിക്കേണ്ടതും ഭരണസമിതിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

(എഫ്) ഓരോ സാമ്പത്തിക വർഷവും അവസാനിക്കുമ്പോൾ അതു മുതൽ നാലു മാസത്തിനകം ബോർഡിലെ വരവ് ചെലവ് കണക്കുകൾ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് നടത്തേണ്ടതും ആഡിറ്റ് റിപ്പോർട്ട് ഭരണസമിതി അംഗീകരിച്ച് സർക്കാരിന് സെപ്റ്റംബർ 30-ന് മുമ്പ് സമർപ്പിക്കേണ്ടതുമാണ്.

22. നിധിയുടെ നിക്ഷേപം.—നിധിയുടെ എല്ലാ നിക്ഷേപവും ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ ഷെഡ്യൂൾഡ് ബാങ്കുകളിലോ സർക്കാർ സെക്യൂരിറ്റിയിലോ സർക്കാർ ട്രഷറിയിലോ ആയിരിക്കേണ്ടതാണ്.

23. ഭരണ റിപ്പോർട്ട്.—ഓരോ സാമ്പത്തിക വർഷത്തെയും നിധിയുടെ പ്രവർത്തനം സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് ഭരണസമിതി അംഗീകരിച്ച് സർക്കാരിലേക്ക് സെപ്റ്റംബർ 30-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

24. ബഡ്ജറ്റ്.—എല്ലാവർഷവും ഫെബ്രുവരി 1-ാം തീയതിക്ക് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തിലെ ഒരു ബഡ്ജറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കി ഭരണസമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ഭരണസമിതി അംഗീകരിച്ച ബഡ്ജറ്റ് ഫെബ്രുവരി 28-നകം സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

25. ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.

(2) ഇപ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതുണ്ടാക്കിയശേഷം തൊട്ടടുത്ത സമ്മേളനത്തിലോ, തുടർന്നുള്ള സമ്മേളനത്തിലോ തുടർച്ചയായി പതിനാലു ദിവസം സഭ മുമ്പാകെ വയ്ക്കേണ്ടതാണ്. അപ്രകാരം സഭ മുമ്പാകെയുള്ള ചട്ടങ്ങളിൽ സഭ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, പ്രസ്തുത ചട്ടം തന്നെ ആവശ്യമില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം യഥാവിധി പ്രസ്തുത ചട്ടത്തിന് ഭേദഗതി ചെയ്ത പ്രകാരം മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ, ചട്ടം തന്നെ പ്രാബല്യത്തിലില്ലാതാവുകയോ ചെയ്യുന്നതാണ്. എന്നിരുന്നാലും ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ളതോ, തീരുമാനം എടുത്തിട്ടുള്ളതോ ആയ സംഗതികളുടെ സാധുതയ്ക്ക് ഭംഗം വരുന്നല്ലാത്തതുമാകുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഉപജീവനത്തിനുവേണ്ടി കല്യാണാദിചടങ്ങുകൾക്ക്, കാറ്ററിംഗ് സ്ഥാപനങ്ങളിലും, കുടുംബങ്ങൾക്കുവേണ്ടിയും പാചകത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള ആയിരക്കണക്കിനാളുകൾ സംസ്ഥാനത്തൊട്ടാകെയുണ്ട്. സ്ത്രീ തൊഴിലാളികളാണ് എണ്ണത്തിൽ ഏറെയുള്ളത്. അന്നന്നത്തെ കൂലി ഒഴിച്ച് മറ്റ് ആനുകൂല്യങ്ങൾക്കൊന്നും അർഹതയില്ലാത്തവരും അസംഘടിതരുമാണ് ഈ വിഭാഗം തൊഴിലാളികൾ. എല്ലാക്കാലത്തും തുടർച്ചയായി ജോലി ലഭിക്കാനുള്ള അവസരങ്ങളും കുറവാണ്.

ഈ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമം ഒരുപരിധിവരെയെങ്കിലും സംരക്ഷിക്കപ്പെടണമെന്ന ഉദ്ദേശ്യം സാക്ഷാത്കരിക്കണമെങ്കിൽ അവർക്കായി ഒരു ക്ഷേമനിധി പദ്ധതി രൂപീകരിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നിയമനിർമ്മാണം ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കി പ്രാവർത്തികമാക്കുമ്പോൾ, പദ്ധതി പ്രകാരം രൂപീകരിക്കുന്ന നിധിയിലേക്ക് സർക്കാർ ഗ്രാന്റ് നല്കുന്ന വ്യവസ്ഥയുള്ളതിനാൽ **സഞ്ചിത**നിധിയിൽ നിന്നും ചെലവുണ്ടാകുന്നതാണ്. അതിനുള്ള ചെലവ് മുൻകൂട്ടി കണക്കാക്കാനാവുന്നതല്ല.

എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.